## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാചോദ്യം നം. 72

30.06.2015 - ൽ മറുപടിയ്ക്ക്

### ആയുർവേദ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ പ്രസവ ശുശ്രൂഷാ പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ.വി.എം.ഉമ്മർമാസ്റ്റർ | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ആയുർവ്വേദ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ നിലവിലുണ്ടായിരുന്ന പ്രസവ ശുശ്രൂഷാ പരിശീലന സൗകര്യം നിഷേധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ;<br>(ബി) എല്ലാ വിഭാഗങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ട് നടപ്പാക്കിയ ഹോളിസ്റ്റിക് കാഴ്ചപ്പാട് ലോകം മുഴുവൻ സ്വീകരിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അതിനു വിരുദ്ധമായ തീരുമാനമുണ്ടായിട്ടുണ്ടെങ്കിൽ അത് പുനഃപരിശോധിക്കുമോ ; | (എ) & (ബി) നിഷേധിച്ച് തീരുമാനം കൈക്കൊണ്ടിട്ടില്ല, സർക്കാർ ഉത്തരവ് (എം.എസ്) 350/14/ആകുവ പ്രകാരം ആയുർവേദ മെഡിക്കൽ വിദ്യാർത്ഥികൾക്ക് സർക്കാർ ആശുപത്രികളിൽ പ്രസവശുശ്രൂഷാ പരിശീലനം അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ കേരള ഘടകത്തിന്റെ 18.02.2015-ലെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ വിഷയം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും മറുപടി ലഭിക്കുന്നതു വരെയുള്ള കാലയളവിലേയ്ക്ക് മേൽ ഉത്തരവ് താൽക്കാലികമായി മരവിപ്പിക്കുകയും ചെയ്തു. |
| (സി) വൈദ്യ ശുശ്രൂഷാരംഗത്തെ എല്ലാ വിഭാഗങ്ങളെയും കൂട്ടിയിണക്കുന്നതിനും, ഓരോ വിഭാഗത്തിന്റെയും പ്രയോഗക്ഷമത ഉറപ്പുവരുത്താനുമുള്ള ഗവേഷണ നിരീക്ഷണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുമോ ? | (സി) ആയുർവേദം, ഹോമിയോ, സിദ്ധ, യുനാനി, പ്രകൃതി ചികിത്സ എന്നീ ചികിത്സാ സമ്പ്രദായങ്ങൾക്ക് പ്രാമുഖ്യം നൽകുന്നതിനും ഈ വിഭാഗങ്ങളിൽ കൂടുതൽ ഗവേഷണ പഠനങ്ങൾ നടത്തുന്നതിനും വേണ്ടി 'ആയുഷ്' വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ